

കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തന മേഖലകളിൽ മുൻനിര പ്രദർശനം വളരെ പ്രാധാന്യം അർഹിക്കുന്നു. ഗവേഷണ കേന്ദ്രങ്ങളിൽ വികസിപ്പിച്ചെടുത്ത, ഫലപ്രദമെന്ന് തെളിയിക്കപ്പെട്ട നൂതന സാങ്കേതിക വിദ്യകൾ കാലതാമസം കൂടാതെ കർഷകരിലെത്തിക്കുന്നതിനും അവയുടെ മികവിനെക്കുറിച്ച് കർഷകരേയും കാർഷിക വിജ്ഞാനവ്യാപന പ്രവർത്തകരേയും ബോധ്യപ്പെടുത്തുന്നതിനുംവേണ്ടിയാണ് കർഷകരുടെ തോട്ടങ്ങളിൽ മുൻനിര പ്രദർശനങ്ങൾ സജ്ജീകരിക്കുന്നത്. മാമ്പഴയീച്ചകൾക്കെതിരെയുള്ള മീതൈൽ യൂജിനോൾ കെണിയും വെള്ളരിവർഗ്ഗ വിളകളിലെ കായീച്ചകൾക്കെതിരെയുള്ള ക്യൂല്യൂർ കെണിയും കാസർകോട് ജില്ലയിലെ കർഷകർക്ക് പരിചയപ്പെടുത്തിയത് കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ മുൻനിര പ്രദർശനം വഴിയാണ്.

മാമ്പഴ ഈച്ചക്ക് എതിരെ മീതൈൽ യൂജിനോൾ കെണികൾ വച്ച തോട്ടത്തിൽ ഒരാഴ്ച ശരാശരി 120 കായീച്ചകൾ കെണികളിലേക്ക് ആകർഷിക്കപ്പെട്ട് നശിക്കുകയും കീടബാധ മുൻവർഷത്തിലെ ശരാശരി 50% എന്ന തോതിൽ നിന്നും 9% മായി കുറയുകയും ചെയ്തു. മാമ്പഴക്കെണികൾ വച്ചതിനു പുറമേ കീടബാധയേറ്റ ചീഞ്ഞ മാങ്ങകൾ ശേഖരിച്ചു നശിപ്പിക്കുകയും മാവിൻതടങ്ങളിൽ ബ്യൂവേറിയ ബസ്സിയാന എന്ന മിത്രകുമിൾ ചേർത്തുകൊടുക്കുകയും ചെയ്തിരുന്നു. മാമ്പഴക്കെണി ഉൾപ്പെടെയുള്ള സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങൾ ഒരു പ്രദേശത്തെ കർഷകർ കൂട്ടാ യി അനുവർത്തിച്ചാൽ വിഷപ്രയോഗം കൂടാതെ കായീച്ചകളെ വളരെ ഫലപ്രദമായി നിയന്ത്രിക്കാം.




കൂടുതൽ വിവരങ്ങൾക്ക്

ഹെഡ്,
ഐ.സി.എ.ആർ. – കൃഷി വിജ്ഞാന കേന്ദ്രം
ഐ.സി.എ.ആർ.–സി.പി.സി.ആർ.ഐ.,
കാസറഗോഡ് – 671124
email : cpcrikvk1@yahoo.com
Ph : 04994 232993



Published by
Dr. Manojkumar TS,
Head ICAR-KVK Kasaragod


Text Prepared & Edited by
Dr. Manojkumar TS,
Head ICAR-KVK Kasaragod
Jayashree M P

Final Layout
NGK Co-operative Press, Kasaragod

Photo Credits
K. Shyama Prasad

2022


# കായീച്ചകൾക്കെതിരെ സംയോജിത നിയന്ത്രണ മാർഗ്ഗങ്ങൾ





ഐ.സി.എ.ആർ - കൃഷി വിജ്ഞാന കേന്ദ്രം
ഐ.സി.എ.ആർ.-സി.പി.സി.ആർ.ഐ.
കാസറഗോഡ്–671124

## കായീച്ചകളെ കുടുക്കാൻ കെണികൾ

ഇളംതവിട്ടുനിറവും ഉരസ്സിൽ മഞ്ഞ അടയാളങ്ങളുമുള്ള, കണ്ണാടിപോലെ ഒരു ജോഡി ചിറകുകളുമുള്ള ഈച്ചകളാണ് കായീച്ചകൾ. വെള്ളരിവർഗ്ഗ പച്ചക്കറികൾ, മാവ്, പേര തുടങ്ങിയ വിളകളെയാണ് ഇവ പ്രധാനമായും ആക്രമിക്കുന്നത്. വെള്ളരിവർഗ്ഗവിളകളെ ആക്രമിക്കുന്നയിനം കായീച്ചകളുടെ സുതാര്യമായ ചിറകിന്റെ അറ്റത്ത് പൊട്ടുപോലെ ഒരു ജോഡി കറുത്ത അടയാളങ്ങൾ കാണാം.

### ജീവിതദശകളും ആക്രമണ ലക്ഷണങ്ങളും

* പെണ്ണീച്ചകൾ കായ്കളുടെ തൊലിയ്ക്കിടയിൽ മുട്ട തറച്ചുവയ്ക്കുന്നു.
* ഒരു പെണ്ണീച്ച ഏകദേശം 200 മുട്ടകൾവരെ ഇടും.
* 2 മുതൽ 15 വരെയുള്ള കൂട്ടമായാണ് മുട്ടകൾ ഇടുന്നത്.
* മുട്ടകൾ 3–4 ദിവസത്തിനുള്ളിൽ വിരിയുന്നു.
* പുഴുക്കൾ കായ്കളുടെ മാംസള ഭാഗം തിന്നു നശിപ്പിക്കുന്നു.
* പുഴുദശ ഏകദേശം 10 ദിവസം വരെയാണ്.



* അഴുകി താഴെ വീഴുന്ന കായ്കളോടൊപ്പം മണ്ണിലെത്തുന്ന പുഴുക്കൾ അവിടെ ചെറുകൂടിനുള്ളിൽ സമാധി ദശ പിന്നിട്ട് പൂർണ്ണ കീടം പുറത്തുവരുന്നു.
* കായ്കളിലെ മഞ്ഞളിപ്പ്, തുടർന്നുള്ള അഴുകൽ, കൂടാതെ ആക്രമണമേറ്റ ഭാഗത്ത് നിന്നും വരുന്ന കൊഴുത്ത ദ്രാവകം തുടങ്ങിയവ കായീച്ചകളുടെ ആക്രമണ ലക്ഷണങ്ങളാണ്.

### വെള്ളരിവർഗ്ഗവിളകളിലെ കായീച്ച നിയന്ത്രണ മാർഗ്ഗങ്ങൾ

* കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. കീടബാധയേറ്റ കായ്കൾ ആഴത്തിൽ കുഴിയെടുത്ത് മൂടുകയോ, നശിപ്പിക്കുകയോ ചെയ്യുക.





* മണ്ണ് കിളച്ചൊതുക്കി കായീച്ചയുടെ സമാധിദശ നശിപ്പിക്കുക.
* പഴം – ശർക്കരക്കെണിയോ, പപ്പായ – ശർക്കരക്കെണിയോ ഉപയോഗിച്ച് പെണ്ണീച്ചകളെ ആകർഷിച്ച് നശിപ്പിക്കുക. (ഇതിനായി 30 ഗ്രാം പഴം/പപ്പായ, 10 ഗ്രാം ശർക്കര, 0.2 മി.ലി. മാലത്തയോൺ എന്നിവ വെള്ളത്തിൽ കലർത്തി 100 മി.ലി. ആക്കി ദ്വാരങ്ങളുള്ള പ്ലാസ്റ്റിക് ബോട്ടിലുകളിൽ പന്തലിനു താഴെ കെട്ടിയിടുക.
* തുളസിക്കെണി ഉപയോഗിച്ചും കായീച്ചകളെ നിയന്ത്രിക്കാം. ഒരുപിടി തുളസിയില നന്നായി ചതച്ച് ഒരു ചിരട്ടയിൽ ഇടുക. ഇതിലേക്ക് ആവശ്യത്തിന് വെള്ളവും കുറച്ച് ശർക്കര/പഞ്ചസാര ചേർത്തിളക്കുക. ഇത് ഉറിപോലെ തൂക്കിയിടുക. ഇതിലേക്ക് ആകർഷിക്കപ്പെടുന്ന ഈച്ചകളെ കൊല്ലാൻ 2–3 തുള്ളി മാലത്തയോൺ കൂടി ചേർത്തുകൊടുക്കാം.
* ക്യൂല്യൂർ ട്രാപ്പുകൾ ഹെക്ടറിന് 10 എന്ന തോതിലുപയോഗിച്ച് ആണീച്ചകളെ ശേഖരിച്ച് നശിപ്പിക്കാം. ചത്തുവീഴുന്ന ഈച്ചകളെ രണ്ടുദിവസത്തിലൊരിക്കൽ നീക്കം ചെയ്യണം.
* ഇത് മറ്റ് നിയന്ത്രണമാർഗ്ഗങ്ങളുമായി സംയോജിപ്പിച്ച് ഉപയോഗിക്കുമ്പോഴാണ് ഏറ്റവും ഫലപ്രദം.
* 10 ശതമാനം ശർക്കര ചേർന്ന 0.1 ശതമാനം വീര്യമുള്ള മാലത്തയോൺ ലായനി പന്തലിന് താഴെ ഇലകളുടെ അടിയിലായി തളിക്കുക.
* *ബ്യൂവേറിയ ബസിയാന, പിസിലോമൈസസ് ലൈലാസിനസ്* ഇവയിൽ ഒന്നിന്റെ പൊടിരൂപത്തിലുള്ള ജൈവകീടനാശിനി ഒരു സെന്റിന് 100 ഗ്രാം എന്നതോതിൽ മണ്ണിൽ ചേർക്കുക.

### മാവിലെ കായീച്ച നിയന്ത്രണ മാർഗ്ഗങ്ങൾ

* കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക, കീടബാധയേറ്റതും അഴുകിയതുമായ കായ്കൾ ശേഖരിച്ച് ആഴത്തിൽ കുഴിയെടുത്ത് മൂടുകയോ നശിപ്പിക്കുകയോ ചെയ്യുക.
* മണ്ണ് കിളച്ചൊതുക്കി കായീച്ചയുടെ സമാധിദശ നശിപ്പിക്കുക.
* ശർക്കരക്കെണികൾ ഉപയോഗിച്ച് പെണ്ണീച്ചകളെ ശേഖരിച്ച് നശിപ്പിക്കുക.
* 0.1 ശതമാനം മാലത്തയോണും, 10 ശതമാനം ശർക്കരയും അടങ്ങിയ ഒരു ലിറ്റർ ലായനി തടിയിൽ അഞ്ചടി ഉയരത്തിൽ തേച്ചുപിടിപ്പിക്കുക.
* തുളസിക്കെണി ഉപയോഗിച്ചും കായീച്ചകളെ നിയന്ത്രിക്കാം. ഒരുപിടി തുളസിയില നന്നായി ചതച്ച് ഒരു ചിരട്ടയിൽ ഇടുക. ഇതിലേക്ക് ആവശ്യത്തിന് വെള്ളവും കുറച്ച് ശർക്കര/പഞ്ചസാര ചേർത്തിളക്കുക. ഇത് ഉറിപോലെ തൂക്കിയിടുക. ഇതിലേക്ക് ആകർഷിക്കപ്പെടുന്ന ഈച്ചകളെ കൊല്ലാൻ 2–3 തുള്ളി മാലത്തയോൺ കൂടി ചേർത്തുകൊടുക്കാം. മാവ് പൂത്തു തുടങ്ങുമ്പോൾ തന്നെ തുളസിക്കെണി വെയ്ക്കാൻ തുടങ്ങാം. മാവൊന്നിന് 3–4 കെണികൾ ഉപയോഗിക്കാം. ആഴ്ചയിലൊരിക്കൽ കെണികൾ മാറ്റി വെയ്ക്കണം.



* മീതൈൽ യൂജിനോൾ ട്രാപ്പുകൾ ഹെക്ടറിന് 10 എന്ന കണക്കിൽ ഉപയോഗിച്ച് ആണീച്ചകളെ ആകർഷിച്ച് നശിപ്പിക്കുക.
* ഇത് മറ്റ് നിയന്ത്രണമാർഗ്ഗങ്ങളുമായി സംയോജിപ്പിച്ച് ഉപയോഗിക്കുമ്പോഴാണ് ഏറ്റവും ഫലപ്രദം.
* *ബ്യൂവേറിയ ബസ്സിയാന, പിസിലോമൈസസ് ലൈലാസിനസ്* ഇവയിൽ ഒന്നിന്റെ പൊടിരൂപത്തിലുള്ള ജൈവകീടനാശിനി 100 ഗ്രാം ഒരു മാവിന് എന്ന തോതിൽ മാവിന്റെ തടത്തിൽ ചേർത്ത് കൊടുക്കുക.
* $55^0$ ചൂടുള്ള വെള്ളത്തിൽ മൂപ്പെത്തിയ മാങ്ങകൾ 30 മിനിറ്റ് മുക്കിവച്ചതിനുശേഷം നന്നായി തുടച്ച് പഴുപ്പിക്കാൻ വയ്ക്കുക. ഈ വെള്ളത്തിൽ 0.5% വീര്യത്തിൽ ഉപ്പ് ചേർക്കേണ്ടതാണ്. (ഒരു ലിറ്റർ വെള്ളത്തിൽ 5 ഗ്രാം ഉപ്പ്). തിളച്ചുകൊണ്ടിരിക്കുന്ന 600 മി.ലി. വെള്ളത്തിൽ 400 മി.ലി. പച്ചവെള്ളം ചേർത്താൽ ഏകദേശം $55^0$ ചൂടുള്ള വെള്ളമാകും.

വെള്ളരിവർഗ്ഗ വിളകളിലും മാവിലും ഒരു പ്രധാന പ്രശ്നമായ ഈ കീടത്തെ നിയന്ത്രിക്കുവാൻ കെണികൾക്കൊപ്പം മുകളിൽ പറഞ്ഞ രണ്ടുമൂന്ന് രീതികൾ കൂടി ഏകോപിപ്പിച്ചാൽ കീടനാശിനി പ്രയോഗം കൂടാതെ തന്നെ ഇവയെ ഫലപ്രദമായി നിയന്ത്രിക്കുവാൻ കഴിയും.